കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി കുറഞ്ഞ പലിശ നിരക്ക്, കുടിശ്ശിക അടയ്ക്കുന്നതിന് തവണകൾ എന്നീ ആനുകൂല്യങ്ങൾ ലഭ്യമാക്കി പരമാവധി തുക പിരിച്ചെടുക്കുന്നതിന് ഒരു പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിനായി ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ട് ഒരു പ്രത്യേക കർമ്മസമിതിയും രൂപീകരിച്ചിട്ടുണ്ട്.

വൈദ്യുതി ചാർജ്ജ് വർദ്ധനവിലൂടെ ഉണ്ടാക്കിയ വരുമാന വർദ്ധനവ്

69 [1170] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ചാർജ്ജ് വർദ്ധനവിലൂടെ വൈദ്യുതി ബോർഡിന് സ്വരൂപിക്കാൻ കഴിഞ്ഞ അധിക വരുമാനം എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

2001 ആഗസ്റ്റിലും 2002 ഒക്ടോബറിലും നടത്തിയ വൈദ്യുതി ചാർജ്ജ് വർദ്ധനവിലൂടെ ബോർഡിന് യഥാക്രമം 472.71 കോടി രൂപയും 495.66 കോടി രൂപയും അധിക വരുമാനമായി ലഭിച്ചു.

വൈദ്യുതി ബോർഡിന്റെ ലാഭം, വിജിലൻസ് അന്വേഷണം

70 [1171] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലമായി എന്ത് ലാഭം ഉണ്ടാക്കി എന്ന് വെളിപ്പെടുത്താമോ;

(ബി) വൈദ്യുതി കണക്ഷനു വേണ്ടിയുള്ള കോൺട്രിബ്യൂഷൻ ഇനത്തിൽ എന്തു തുക വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ട്;

(സി) 2001 മുതൽ 2005 വരെ വൈദ്യുതി ബോർഡ് നടത്തിയ ഏതെല്ലാം പണികളിലെ ക്രമക്കേടുകളെക്കുറിച്ച്, സംസ്ഥാന വൈദ്യുതി ബോർഡിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി)) വൈദ്യുതി ബോർഡുകൾ 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് സെക്ഷൻ 59 പ്രകാരം 3% ലാഭം കാണിക്കേണ്ടതുണ്ട്. ഇതിലേക്ക് കുറവു വരുന്ന തുക സർക്കാർ സബ്സിഡിയായി നൽകണമെന്ന് ഉത്തരവുണ്ട്. ഈ തുക ഉൾപ്പെടുത്തിയതിനുശേഷം കഴിഞ്ഞ രണ്ട് വർഷത്തെ ലാഭം താഴെ വിവരിക്കും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

വർഷം	സബ്സിഡി ഉൾപ്പെടെയുള്ള ബോർഡിന്റെ ലാഭം (രൂപ കോടിയിൽ)
2003-04	91.82
2004-05 (താൽക്കാലിക കണക്ക്)	103.49

വൈദ്യുതി കണക്ഷനുവേണ്ടിയുള്ള കോൺട്രിബ്യൂഷൻ ഇനത്തിൽ ഈ രണ്ടു വർഷങ്ങളിലും ബോർഡിനു ലഭിച്ച തുക താഴെ പറയും പ്രകാരമാണ്.

വർഷം	കൺസ്യൂമേഴ്സ് കോൺട്രിബ്യൂഷൻ (രൂപ കോടിയിൽ)
2003-04	147.00
2004-05 (താൽക്കാലിക കണക്ക്)	142.43

(സി) 2001 മുതൽ 2005 വരെ താഴെപ്പറയുന്ന 15 പണികളെക്കുറിച്ച് വൈദ്യുതി ബോർഡിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി.

1. മൂലമറ്റം പവർ ഹൗസിലെ സിവിൽ മെയിന്റനൻസ് വർക്ക്.
2. നേര്യമംഗലം പദ്ധതിയിൽ കല്ലാർകുട്ടി ഡാമിന്റെ എമർജൻസി ഗേറ്റിന്റെ അറ്റകുറ്റപ്പണി.
3. കുറ്റ്യാടി ആഗ്മെന്റേഷനുമായി ബന്ധപ്പെട്ട 10-ാം മൈൽ ഇളയിക്കൽ കോളനി റോഡ് നിർമ്മാണം.
4. ചെമ്പുക്കടവ് പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം.
5. ഇടപ്പോൺ 220 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ.
6. കൊച്ചുപമ്പ മുതൽ ത്രിവേണി വരെ 12 കി. മീ. ദൂരം 66 കെ. വി. ലൈൻ നിർമ്മാണം.
7. ബാണാസുര സാഗർ പദ്ധതി പ്രദേശത്തെ റോഡ് നിർമ്മാണം.
8. പി. എസ്. സി. പോൾ (തൊടുപുഴ) നിർമ്മാണവും വിതരണവും.
9. കക്കാട് പദ്ധതിയുടെ ടണൽ വൃത്തിയാക്കൽ.
10. പരുത്തിപ്പാറ ഐ.ബി.-യുടെ ഇലക്ട്രിഫിക്കേഷൻ ജോലികൾ.
11. ചെറുതോണി ഇടനാട് ഡാമുകളുടെ മാലിന്യ നിർമ്മാർജ്ജനം.
12. മൂഴിയാർ പവർ ഹൗസിന് സമീപമുള്ള പാലത്തിന്റെ നിർമ്മാണം.
13. ഉറുമി പദ്ധതി ഒന്നാംഘട്ട നിർമ്മാണം.
14. ഉദുമ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകൾക്ക് ചുറ്റും വേലികെട്ടിയ പ്രവൃത്തി.
15. പുന്നപ്ര 220 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly